# നെല്ലിക്കുന്നുകൾ ആവർത്തിക്കട്ടെ

**ആന്ധ്രയിൽ തുടക്കമിട്ട്, വൈപ്പിൻകരയിലൂടെ, നെല്ലിക്കുന്നിലെത്തിയ സ്ത്രീകളുടെ മദ്യവിരുദ്ധ സമരം എല്ലായിടത്തും വ്യാപിക്കേണ്ടിയിരിക്കുന്നു.**

ചാരായ നിരോധനം നടപ്പിൽ വന്നപ്പോൾ കേരളത്തിൽ ഏറ്റവും കൂടുതൽ ആശ്വാസം കൊണ്ടത് സ്ത്രീകളാണ്. സ്വന്തം ഭർത്താവും സഹോദരനും അച്ഛനും മകനുമൊക്കെ ചാരായത്തിൽനിന്നും രക്ഷപ്പെടുമെന്ന് കരുതിയ അവർക്ക് തെറ്റുകയായിരുന്നു. മുമ്പുണ്ടായിരുന്നതിലും സുലഭമായി വ്യാജ ചാരായവും വിഷമദ്യവും ഇവിടെ ഒഴുകി. മദ്യദുരന്തങ്ങൾക്കും തുടക്കമായി പ്രാദേശികമായി ഏറ്റക്കുറച്ചിലുകളുണ്ടാകാമെങ്കിലും കേരളം ഇന്ന് വ്യാജചാരായ ലോബിയുടെ കൈകളിൽ തന്നെയാണ്.

വ്യാജചാരായത്തിന്റെ ദുഷ്ഫലങ്ങൾ ഏറെ അനുഭവിച്ച ഒരു ഗ്രാമമാണ് കാസർഗോഡ് ജില്ലയിലെ കസബ 'നെല്ലിക്കുന്ന്' കടപ്പുറം. കർണാടകത്തിൽനിന്ന് അതിർത്തി കടന്നെത്തുന്ന പാക്കറ്റ് ചാരായം സുലഭമാണ് ഇവിടെ. പുരുഷന്മാരിൽ ഭൂരിഭാഗവും ഇതിന്റെ പിടിയിലായിരുന്നു. കടലിൽനിന്നും ലഭിച്ചിരുന്ന വരുമാനത്തിന്റെ ബഹുഭൂരിഭാഗവും അന്തർസംസ്ഥാന ബന്ധങ്ങളുള്ള ചാരായ ലോബികളുടെ കൈകളിലേക്കാണെത്തിയിരുന്നത്. നെല്ലിക്കുന്നിലെ പലരും വിഷമദ്യം കഴിച്ചുമരിച്ചു. പലരുടെയും കണ്ണുപോയി, ജീവച്ഛവങ്ങളായിതീർന്നവരും ഒട്ടനവധി. പക്ഷേ കൗമാരം വിട്ടുമാറാത്ത കുട്ടികൾ കൂടി മദ്യക്കെണിയിൽപ്പെട്ട് ആത്മഹത്യക്കു ശ്രമിച്ചു തുടങ്ങിയപ്പോൾ നെല്ലിക്കുന്ന് കസബ മേഖലയിലെ സ്ത്രീകൾ രംഗത്തിറങ്ങുകയായിരുന്നു. ചൂട്ടും കമ്പി ലേന്തി രാത്രിക്കു രാമാനം വിഷമദ്യവും സ്പിരിറ്റുമൊക്കെ പിടിച്ചെടുത്ത് അവർ നശിപ്പിച്ചു. ആ മദ്യവേട്ട ഇപ്പോഴും തുടരുകയാണ്. മദ്യവിരുദ്ധ പ്രവർത്തകരും പോലീസ് - എക്സൈസ് അധികൃതരും പരാജയപ്പെട്ടിടത്ത് നെല്ലിക്കുന്നിലെ സ്ത്രീകൾ വിജയം കണ്ടു. മനുഷ്യാവകാശ, സ്ത്രീവാദ, രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകരുടെ മുൻകൈ സഹായമൊന്നുമില്ലാതെയാണ് നെല്ലിക്കുന്നിലെ സ്ത്രീകളുടെ വിജയം.

പക്ഷേ മദ്യലോബിക്കു നേരെയുള്ള ഈ താത്കാലിക വിജയം നിലനിർത്തുവാൻ കഠിന പരിശ്രമം തന്നെ വേണ്ടി വരും. പോലീസ് - എക്സൈസ് ഉദ്യോഗസ്ഥരിൽ പലരും വ്യാജമദ്യ ലോബിയുടെ മാസപ്പടി പറ്റുന്നവരാണത്രെ. നെല്ലിക്കുന്നിലെ തന്നെ ഭൂരിപക്ഷം പുരുഷന്മാരുടെ പിന്തുണയും വ്യാജമദ്യലോബിക്കുണ്ട്.

**കെ.എസ്.പ്രമോദ്**